ടെലിവിഷൻ ചാനലുകളിലെ പ്രേത സീരിയലുകളുടെ അതിപ്രസരം

78 [853] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെലിവിഷൻ ചാനലുകളുടെ പ്രേത സീരിയലുകളുടെ അതിപ്രസരം കുട്ടികളിൽ മാനസിക വൈകല്യങ്ങൾ ഉണ്ടാകുന്നുണ്ട് എന്നുള്ള കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേബിൾ നെറ്റ് വർക്ക്സ് റഗുലേഷൻസ് ആക്ട് 1995 നിലവിൽ വന്നെങ്കിലും ഇതിലെ വകുപ്പുകൾ അനുശാസിക്കും പ്രകാരമുള്ള പ്രോഗ്രാം കോഡുകൾ ചാനലുകൾ അനുസരിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സംവിധാനം ഉണ്ടാക്കി വരുന്നതേയുള്ളൂ. 2005 ഫെബ്രുവരി 18, 19 തീയതികളിൽ ന്യൂഡൽഹിയിൽ ചേരുന്ന ഇൻഫർമേഷൻ മന്ത്രിമാരുടെയും ഇൻഫർമേഷൻ സെക്രട്ടറിമാരുടെയും യോഗം ഇക്കാര്യത്തിൽ തീരുമാനമെടുക്കും. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തും നടപടി കൈക്കൊള്ളുന്നതാണ്.

പി. ആർ. ഡി. ചെലവഴിച്ച തുക

79 [854] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി. ആർ. ഡി. സംസ്ഥാന സർക്കാരിന്റെ വിവിധ പ്രസിദ്ധീകരണങ്ങൾക്ക് വേണ്ടി എത്ര ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് ;

(ബി) വിവിധ വാർത്താ മാധ്യമങ്ങൾക്കും, വിഷ്വൽ മീഡിയകൾക്കും പരസ്യ ഇനത്തിൽ എന്തുതുക നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് 'ബഹുദൂരം അതിവേഗം' എന്ന പരസ്യത്തിനുവേണ്ടി വാർത്താ മാധ്യമങ്ങൾക്കും, വിഷ്വൽ മീഡിയകൾക്കും എത്ര രൂപ പരസ്യ ഇനത്തിൽ നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) 5 ലക്ഷം രൂപ ചെലവ് കണക്കാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly